പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.151 03.10.2011-ൽ മറുപടിയ്ക്ക്

## വ്യാജ പരസ്യങ്ങൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ സി.ദിവാകരൻ<br>ശ്രീ.കെ.രാജു<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ചില പ്രത്യേക ഗുണങ്ങൾ പരസ്യം ചെയ്ത്, സംസ്ഥാനത്ത് വിറ്റഴിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച്, പരസ്യംചെയ്ത് ഗുണമുണ്ടോ എന്നു കണ്ടു പിടിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഇത്തരം സംവിധാനങ്ങൾ നിലവിലില്ല |
| (ബി) വികിരണ രശ്മികളിലൂടെ രോഗ ശാന്തി അവകാശപ്പെട്ട് ഒരു കമ്പനി വിതരണം ചെയ്ത ഉല്പന്നങ്ങൾ, ഫോറൻസിക് ലാബ് പരിശോധന കൂടാതെ മടക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. തൃശ്ശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (CJM) കോടതി മുഖാന്തിരം ക്രൈംബ്രാഞ്ചിൽ നിന്നും പരിശോധനക്കായി ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് അയച്ച തൊണ്ടി സാധനങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധനം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഇല്ലാത്തതിനാലും, പല ചോദ്യങ്ങളും ഉത്തരം കണ്ടെത്താൻ പ്രയാസമുള്ളതുമായതിനാലും പരിശോധന നടത്താതെ മടക്കി അയച്ചിട്ടുള്ളതാണ്. |
| (സി) വ്യാജ പരസ്യങ്ങൾ നല്കി ഉപഭോക്താക്കളെ വഞ്ചിക്കുന്ന നടപടികൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) വ്യാജ പരസ്യങ്ങൾ നല്കി ഉപഭോക്താക്കളെ വഞ്ചിക്കുന്ന കമ്പനികൾ/സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് നേരിട്ട് സംസ്ഥാന ഉപഭോക്തൃ കമ്മീഷനിലോ ജില്ല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലോ പരാതി നൽകാവുന്നതാണ്. പരാതിയുടെ അടിസ്ഥാനത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ/ഫോറങ്ങൾക്ക് സിവിലും ക്രിമിനലും നടപടി ചട്ട പ്രകാരം വിധി നടപ്പാക്കുന്നതിന് അധികാരമുണ്ട്. |

കഴമ്പുള്ള പരാതികളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ കേസ് രജിസ്റ്റർ ചെയ്യാറുണ്ട്. ഇതിന് പുറമെ വ്യാജ പരസ്യങ്ങളിൽ വഞ്ചിതരാകാതിരിക്കാൻ ഉപഭോക്തൃ ബോധവൽക്കരണവും നടത്തി വരുന്നു. ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചാൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 420 പോലുള്ള വകുപ്പ് അനുസരിച്ചും Section 3 of the Prize chits and money circulation (Banning) Act 1978 and 2(1)(C) r/w 7 of Drugs and Magic remedies (objectionable advertisement) Act 1954 പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ